## അൻപതാം വാർഷികത്തിൽ അൻപത് സൈക്കിളുകൾ

വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം വളർത്തുക, ആരോഗ്യമുള്ള യുവ തലമുറയെ വാർത്തെടുക്കുക, പരിസ്ഥിതി സൗഹൃദ കലാലയം രൂപപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി, കോളേജ് അലുമ്നി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സൈക്കിൾ ചലഞ്ച്. കോളേജിലെ പൂർവ്വ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, നിലവിലെ അധ്യാപകർ, മറ്റു ബഹുജന സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

## Earn While You Learn (EWYL)

പഠനത്തോടൊപ്പം വരുമാനം എന്ന ലക്ഷ്യം മുൻനിർത്തി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് EWYL.

1. Maths Learning Lab:

വിദ്യാർത്ഥികളിൽ ഗണിത ശാസ്ത്ര സിദ്ധാന്തങ്ങളെ ഗണിത മോഡലുകൾ വഴി അരക്കിട്ടുറപ്പിക്കാനും അതുവഴി സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ പിഎസ് സി കോച്ചിംഗ് എന്നീ മേഖലകളിൽ അധ്യാപന രംഗത്തേയ്ക്ക് കൊണ്ടുവരുവാനുമാണ് ഉദ്ദേശിക്കുന്നത്.

2. Stitching Unit:

വിദ്യാർത്ഥികളെ ഫാഷൻ ഡിസൈനിംഗിന്റെ ലോകത്തേയ്ക്ക് സ്വാഗതം ചെയ്യാനും അതുവഴി വരുമാനമാർഗ്ഗം കണ്ടെത്താൻ സഹായിക്കാനും ഉദ്ദേശിക്കുന്നു.






EWYL പദ്ധതിയുടെ കോളേജ്തല ഉദ്ഘാടനം
മാർച്ച് 26 ശനിയാഴ്ച രാവിലെ 11.30 ന്
ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി
**ഡോ. ആർ ബിന്ദു**




RADIAC


50
CRADIAC



കേരള കൗമുദി
SINCE 1911
Epaper
26 Mar 2022

## ■ ഇന്ധനവില കൂടിയാലും കുട്ടനെല്ലൂർ കോളേജ് കുലുങ്ങില്ല

# വിദ്യാർത്ഥികളെല്ലാം സൈക്കിൾ സവാരിയിലേക്ക് !

▸ പ്രദീപ് ഒല്ലൂർ

ഒല്ലൂർ: പെട്രോളിനും ഡീസലിനും വില കൂടിയാലും ബസ് ചാർജ് വർദ്ധിച്ചാലും കുട്ടനെല്ലൂർ കോളേജിന് ഇനിയെന്ത്..? പൂർവ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ പുതിയ സൈക്കിൾ യജ്ഞവുമായി രംഗത്തിറങ്ങുകയാണ് കുട്ടനെല്ലൂർ അച്യുതമേനോൻ സ്മാരക കോളേജ്.

വിദ്യാർത്ഥികൾക്ക് സൈക്കിൾ സമ്മാനം നൽകാൻ പൂർവ വിദ്യാർത്ഥി സംഘടനയായ അലുമ്നി അസോസിയേഷനുമുണ്ട്. പൂർവവിദ്യാർത്ഥികളും പൂർവഅദ്ധ്യാപകരും മറ്റ് ജനകീയ സംഘടനകളും ചേർന്ന് 50 സൈക്കിളുകളാണ് ഇതുവരെ സംഘടിപ്പിച്ചത്.

ഇപ്പോൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആവശ്യം കഴിഞ്ഞാൽ സൈക്കിൾ കോളേജിൽ തിരിച്ചേൽപ്പിച്ച് അടുത്ത വിദ്യാർത്ഥികൾക്ക് കൈമാറാവുന്ന വിധമാണ് സംവിധാനം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന സൈക്കിളുകളാണ് നൽകുന്നത്. ഇനിയും സൈക്കിളുകൾ തരാമെന്ന് പലരും വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും സമയബന്ധിതമായി ഇവ വിദ്യാർത്ഥികൾക്ക് കൈമാറുമെന്നും പ്രിൻസിപ്പൽ രമ്യ വ്യക്തമാക്കി.

കൊവിഡ് കാലത്ത് 65 സ്മാർട്ട്ഫോണുകൾ വിദ്യാർത്ഥികൾക്ക് കൈമാറിയിരുന്നു. ശനിയാഴ്ച നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും. പി. ബാലചന്ദ്രൻ എം.എൽ.എ, പ്രിൻസിപ്പൽ രമ്യ എന്നിവർ സംബന്ധിക്കും.



*കുട്ടനെല്ലൂർ ഗവ. അച്യുതമേനോൻ കോളേജിൽ വിദ്യാർത്ഥികൾക്കായി നൽകാൻ സംഘടിപ്പിച്ച സൈക്കിളുകൾ.*

> *“ കോളേജിലേക്ക് സൈക്കിളിൽ വരാൻ താത്പര്യപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വിതരണത്തിൽ മുഖ്യപരിഗണന.*
>
> **- രമ്യ, പ്രിൻസിപ്പൽ**

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper